**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത 61-ാം നമ്പർ ചോദ്യം

10.12.2012-ലെ മറുപടിക്ക്

**ചോദ്യം**

**ഉത്തരം**

ശ്രീ.കെ.കെ.നാരായണൻ

ശ്രീ. ഉമ്മൻചാണ്ടി
ബഹു: മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യാർത്ഥം ഉപയോഗിക്കുമ്പോൾ മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും പാലിക്കേണ്ട നടപടികൾ വിശദമാക്കാമോ; | ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യങ്ങൾക്കായി മന്ത്രിമാർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച് പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യങ്ങൾക്കായി സർക്കാർ ഉദ്യോഗസ്ഥർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ജി.ഒ.(പി) നം.233/2002/ധന. തീയതി 17.04.2002, ജി.ഒ.(എം.എസ്) നം. 113/2003 തീയതി 24.02.2003 എന്നീ ഉത്തരവുകൾ വഴി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യാർത്ഥം ഉപയോഗിച്ച ഇനത്തിൽ ടൂറിസം വകുപ്പിൽ എന്ത് തുക ലഭിച്ചിട്ടുണ്ട്; വിശാദംശ വെളിപ്പെടുത്താമോ; | ഉദ്യോഗസ്ഥർ ഔദ്യോഗിക വാഹനങ്ങൾ സ്വന്തം ആവശ്യാർത്ഥം ഉപയോഗിച്ച ഇനത്തിൽ ടൂറിസം വകുപ്പിന് തുകയൊന്നും ലഭിച്ചിട്ടില്ല. |

| | |
|---|---|
| (സി) സ്വകാര്യ ആവശ്യങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിച്ച ഏതെല്ലാം മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും എത്ര രൂപ അടയ്ക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ; | സ്വകാര്യ ആവശ്യങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിച്ച ഉന്നത ഉദ്യോഗസ്ഥർ സ.ഉ (പി) നം. 233/2002/ഫിൻ. തീയതി 17.04.2012 പ്രകാരം എത്ര രൂപ അടയ്ക്കാനുണ്ടെന്ന വിവരം ശേഖരിച്ചു വരുന്നു. |
| (ഡി) ഔദ്യോഗിക വാഹനങ്ങൾ ബോർഡ് വെച്ച് കുടുംബാംഗങ്ങളുമായി യാത്ര ചെയ്ത എത്ര പേർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി എന്നറിയിക്കാമോ? | ഇത്തരത്തിൽ മൂന്ന് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾക്കായി ശുപാർശ ചെയ്തിട്ടുണ്ട്. |

R. Paul

**സെക്ഷൻ ഓഫീസർ**